# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4008 — 24/8/2017 -ലെ മറുപടി

## പൊതു വിതരണ ശൃംഖലയിലെ ജലച്ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ. അനിൽ അക്കര | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പൊതു വിതരണ ശൃംഖലയിലുള്ള ജല ചോർച്ച തടയാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കേടുവന്നതും കാലപ്പഴക്കം ചെന്നതുമായ പൈപ്പുലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി നടപ്പിലാക്കുക, പൈപ്പുലൈനുകളിൽ ഉണ്ടാകുന്ന ചോർച്ച യഥാസമയം പരിഹരിക്കുക തുടങ്ങിയ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ടു വരുന്നു.<br>നിശ്ചിത സമയ പരിധിക്കുള്ളിൽ ചോർച്ചകൾ പരിഹരിക്കാൻ ലക്ഷ്യമിടുന്ന "ബ്ലൂ ബ്രിഗേഡ്"-ന്റെ പ്രവർത്തനം മൂന്ന് കോർപ്പറേഷനുകളിലും കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കണ്ണൂർ കോർപ്പറേഷനുകളിൽ ബ്ലൂ ബ്രിഗേഡ് പ്രവർത്തിച്ചു വരുന്നു. |
| (ബി) | പഴക്കം ചെന്ന പമ്പുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; | (ബി) & (സി) | അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ മൂലമുള്ള ജലനഷ്ടം തടയുന്നതിന്റെ ഭാഗമായി 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി, പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.<br>അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനായി |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്താമോ? | | |

സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലേക്കും ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലേക്കുമായി 255.706 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ 4101.99 ലക്ഷം രൂപയ്ക്കും 2017-18-ൽ 1404.25 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 2387.12 ലക്ഷം രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

പഴക്കം ചെന്നതും കേടുപാടുകൾ വന്നതുമായ പമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ, 104 പ്രവൃത്തികൾക്ക് 1508.85 ലക്ഷം രൂപയും 2017-18-ൽ 11 പ്രവൃത്തികൾക്ക് 132.11 ലക്ഷം രൂപക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/